# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 603 — 09.02.2016 ൽ മറുപടിയ്ക്ക്

## കരിങ്കൽ ക്വാറിയുമായി ബന്ധപ്പെട്ട ഉത്തരവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.വി.ശശി | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം കരിങ്കൽ ക്വാറിയുമായി ബന്ധപ്പെട്ട് എത്ര ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരിങ്കൽ ക്വാറിയുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പിൽ നിന്നും 6 പൊതുവായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | മലപ്പുറം ജില്ലയിലെ ബിസ്മി ഗ്രാനൈറ്റ്സ് പൂട്ടാൻ ഉത്തരവ് ഇറക്കിയതിനുള്ള കാരണം വിശദീകരിക്കാമോ? | (സി) | ഏറനാട് താലൂക്കിൽ പെരുകമണ്ണ വില്ലേജിൽ സർവ്വെ നമ്പർ 354, 11/1-9 ൽപ്പെട്ട സ്ഥലത്ത് ബിസ്മി ഗ്രാനൈറ്റ്സ് എന്ന സ്ഥാപനത്തിന് ക്വാറീയിംഗ് ലീസ് അനുവദിച്ചതാണ്. എന്നാൽ പ്രസ്തുത സ്ഥലം പ്രത്യേകാവശ്യത്തിനായി പതിച്ചു കൊടുത്ത ഭൂമിയിൽ ആണെന്ന് നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 02.10.2014 ന് ജില്ലാകളക്ടർ ക്വാറി പ്രവർത്തനം നിർത്തിവെപ്പിക്കുകയുണ്ടായി. തുടർന്ന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 11.11.2015 ലെ സ.ഉ.(എം.എസ്) നമ്പർ 593/15/റവന്യൂ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽ സ്ഥലത്തെ ഖനനത്തിനെതിരായി നിലനിന്നിരുന്ന സ്റ്റേ ജില്ലാകളക്ടർ 20.11.2015 തീയതിയിലെ ഇ 7-56270/2014 നമ്പർ ഉത്തരവ് പ്രകാരം പിൻവലിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ക്വാറിക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്